**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5431</u>** **<u>12-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലെ തടസ്സം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള പരിമിതികൾ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് തടസ്സമാകുന്നതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇത് മറികടക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (എ) | ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ 2020-ലെ ഭേദഗതി പ്രകാരം വകുപ്പ് 3 അനുസരിച്ച് കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ ‘Bank, Banker, Banking’ എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളിന്മേൽ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയത് വഴി നിക്ഷേപത്തിൽ കുറവു വരുന്നതിനും കാരണമാകുന്നു. പ്രാഥമിക കാർഷിക വായ്പ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്ക് ലൈസൻസോ, IFSC കോഡോ ഇല്ലാത്തതിനാൽ ന്യൂ ജനറേഷൻ ബാങ്കിംഗ് പ്രോഡക്ട്സ് തനതായി നൽകുവാൻ കഴിയാത്തതിനാൽ പലിശ രഹിത/ കുറഞ്ഞ പലിശ നിക്ഷേപങ്ങൾ കൂടുതലായി ആകർഷിക്കുന്നതിന് തടസ്സമുള്ളതായി വിലയിരുത്തുന്നുണ്ട്. മേൽ പരിമിതി മറികടക്കുന്നതിനായി കേരള ബാങ്കിന്റെ സഹായത്താൽ പ്രാഥമിക കാർഷിക വായ്പ സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ന്യൂജെൻ ബാങ്കിംഗ് പ്രോഡക്ട്സ് നൽകുവാൻ കഴിയുന്നതാണ്. ആധുനിക ബാങ്കിംഗ് സൗകര്യങ്ങളായ മൊബൈൽ എ.റ്റി.എം, RTGS, NEFT സേവനങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന കോർ ബാങ്കിംഗ് മേഖല സഹകരണ ബാങ്കുകളിൽ നടപ്പിലാക്കിയതോടെ നിക്ഷേപകരെ സഹകരണ ബാങ്കുകളിലേയ്ക്ക് ആകർഷിയ്ക്കുന്നതിന് സഹായകമാകും. ദേശസാൽകൃത ബാങ്കുകൾ അനുവദിയ്ക്കുന്നതിനേക്കാൾ കൂടുതൽ പലിശ നിരക്ക് നിക്ഷേപങ്ങൾക്ക് അനുവദിയ്ക്കുന്ന സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകളിൽ കൂടുതൽ ആധുനിക സേവനങ്ങൾ ലഭ്യമാക്കുന്നത് ഇടപാടുകാരേയും നിക്ഷേപകരേയും ആകർഷിയ്ക്കുന്നതിന് കാരണമാകും. |

സെക്ഷൻ ഓഫീസർ